പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 164 **22-06-2026-ൽ മറുപടിയ്ക്ക്**

സർക്കാർ മെഡിക്കൽ കോളേജുകളിലെ താൽക്കാലിക നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഉണ്ടായിട്ടുള്ളതായി ആക്ഷേപമുള്ള ശോചനീയാവസ്ഥയുടെ കാരണങ്ങളെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

മറുപടി: സർക്കാർ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഉണ്ടായിട്ടുള്ളതായി ആക്ഷേപമുള്ള ശോചനീയാവസ്ഥ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ആലപ്പുഴ മെഡിക്കൽ കോളേജിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടത്തിയിട്ടുള്ള അനധികൃത താത്കാലിക നിയമനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത താത്കാലിക നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

മറുപടി: ആലപ്പുഴ മെഡിക്കൽ കോളേജിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അനധികൃത താത്കാലിക നിയമനങ്ങൾ നടത്തിയിട്ടില്ല. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ പദ്ധതികളുടെയും വകുപ്പുകളുടെയും സുഗമമായ നടത്തിപ്പിന് വേണ്ടി ആശുപത്രി വികസന സമിതി, കാസ്പ് പദ്ധതി, മെഡിസെപ് പദ്ധതി എന്നിവ മുഖേന താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പത്ര മാധ്യമങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിച്ച് എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കിയതിൽ നിന്നുമാണ് താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഇത്തരം നിയമനങ്ങളുടെ നിയമന അധികാരി ആശുപത്രി സൂപ്രണ്ടാണ്.

(സി) പ്രസ്തുത നിയമനങ്ങളുടെ നിയമന അധികാരി ആരാണെന്നും നിയമനങ്ങൾ ആരുടെ നിർദ്ദേശപ്രകാരമാണ് നടത്തിയതെന്നും അന്വേഷിക്കുമോ;

മറുപടി: ആലപ്പുഴ മെഡിക്കൽ കോളേജിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അനധികൃത താത്കാലിക നിയമനങ്ങൾ നടത്തിയിട്ടില്ല. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ പദ്ധതികളുടെയും വകുപ്പുകളുടെയും സുഗമമായ നടത്തിപ്പിന് വേണ്ടി ആശുപത്രി വികസന സമിതി, കാസ്പ് പദ്ധതി, മെഡിസെപ് പദ്ധതി എന്നിവ മുഖേന താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പത്ര മാധ്യമങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിച്ച് എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കിയതിൽ നിന്നുമാണ് താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഇത്തരം നിയമനങ്ങളുടെ നിയമന അധികാരി ആശുപത്രി സൂപ്രണ്ടാണ്.

(ഡി) കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലെയും താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നടത്താൻ ഉത്തരവ് നൽകുമോ;

മറുപടി: പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ തസ്തികകളിൽ അടിയന്തിര നിയമനം ആവശ്യമായി വരുന്ന പക്ഷം, വകുപ്പ് തലവന്മാരുടെ ശിപാർശ പ്രകാരം ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പത്ര മാധ്യമങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിച്ച് എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി ആശുപത്രി വികസന സമിതി, കാസ്പ് പദ്ധതി, മെഡിസെപ് പദ്ധതി, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നിവ മുഖേനയാണ് താത്കാലിക നിയമനങ്ങൾ നടത്തിവരുന്നത്.

(ഇ) പ്രസ്തുത താത്കാലിക നിയമനങ്ങളിൽ സാമ്പത്തികമായ പരിഗണനയുണ്ടായിട്ടുണ്ടെങ്കിൽ ആയത് അന്വേഷിച്ച് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മറുപടി: താത്കാലിക നിയമനങ്ങളിൽ സാമ്പത്തികമായ പരിഗണനയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ